**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5421** **05-07-2024 - ൽ മറുപടിയ്ക്ക്**

**ബസ് അപകടങ്ങളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2020 ജനുവരി മുതൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ അപകടത്തിൽ പെട്ടിട്ടുണ്ട്; പ്രസ്തുത അപകടങ്ങളിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരുക്ക് പറ്റിയിട്ടുണ്ട്; വ്യക്തമാക്കുമോ?; | (എ) | 2020 ജനുവരി മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെയും കെ.എസ്.ആർ.ടി.സി. ബസുകളുമായി അപകടത്തിൽ ഉൾപ്പെട്ട മറ്റു വാഹനങ്ങളുടെ ഡ്രൈവർമാരുടെയും അശ്രദ്ധകാരണം 3965 അപകടങ്ങൾ ഉണ്ടാകുകയും അതിൽ 395 പേർക്ക് ജീവൻ നഷ്ടപ്പെടുകയും, 2024 ജനുവരി മുതൽ മേയ് മാസം വരെ 668 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങൾ 2020 മുതൽ 2023 ഡിസംബർ വരെയുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത അപകടങ്ങളുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | കുറ്റക്കാരാണെന്ന് കണ്ടെത്തിയ 343 ഡ്രൈവർമാർക്ക് എതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ